THURSDAY 18.01.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/01/2024

1. കേരള കാർഷിക സർവകലാശാലയുടെ പ്രസിദ്ധീകരണങ്ങൾ കേരളഗ്രോ ബ്രാൻഡിൽ ഓൺലൈനായി ആമസോണിലൂടെയുള്ള വിൽപ്പന ഇന്ന് (ജനുവരി 18) രാവിലെ 11 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ന്റെ ചേമ്പറിൽ വച്ച് നടക്കുന്നു. തദവസരത്തിൽ കാർഷികോൽപാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ് പങ്കെടുക്കുന്നതാണ്. കൂടാതെ Package of Practices Recommendations Crops 2024 ന്റെ പ്രകാശനവും ഉണ്ടായിരിക്കുന്നതാണ്.

2. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ വെള്ളായണി കാർഷിക കോളേജ് വിദ്യാർത്ഥികളുടെയും CORTEVA അഗ്രിസയൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്നും നാളെയുമായി (ജനുവരി 18, 19) **അന്താരാഷ്ട്ര സസ്യ ശാസ്ത്ര സിമ്പോസിയം** സംഘടിപ്പിക്കുന്നു. 2023 ലെ നോർമൻ. ഇ. ബോർലോഗ് ഫീൽഡ് സയന്റിസ്റ്റ് അവാർഡ് ജേതാവ് ഡോക്ടർ സ്വാതി നായ്ക് പരിപാടിയുടെ മുഖ്യ അതിഥി ആവും. കൂടാതെ വിദ്യാർത്ഥികൾക്കായി പോസ്റ്റർ പ്രസന്റേഷൻ ഓറൽ പ്രസന്റേഷൻ എന്നിവയും സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരയിനങ്ങൾ രണ്ടു ദിവസങ്ങളിലായി നടക്കും. കർഷകർക്കും വിദ്യാർത്ഥികൾക്കും ആയി എക്സിബിഷനും 2 ദിവസങ്ങളിലായി നടക്കും. കൂടുതൽ വിവരങ്ങൾക്ക് www.aicsa2024.com/എന്ന വിലാസത്തിൽ ബന്ധപ്പെടുക.

3. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സായ "ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി (DMT), ആറ് മാസത്തെ കോഴ്സായ 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി

ഫാമിംഗ് (CPF)' എന്നീ കോഴ്സുകൾക്ക് 2024-25 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത: ''ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി'-പ്ലസ് ടു വിജയിച്ചിരിക്കണം, ''സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ്''- 8-ാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരാണ്. ഫൈൻ കൂടാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31/01/2024 ആകുന്നു. https://onlineadmission.ignou.ac.in/admission/ വഴി ഓൺലൈനായി അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000931, 9400608493 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. റബ്ബർടാപ്പിങ്ങ്തൊഴിലാളികൾക്കായി റബ്ബർബോർഡ് ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2024 ജനുവരി 25 നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2301231 ( Ext 336 ) എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള **ഗ്രാമശ്രീ** ഇനത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളുടെ വില്പനക്കായി ബുക്കിംഗ് സ്വീകരിക്കുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ 0479 2959268, 2449268, 9447790268 എന്നീ ഫോൺ നമ്പരുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

6. കുരുമുളകിന്റെ ശാസ്ത്രീയ കൃഷിരീതികൾ സംബന്ധിച്ചും സംയോജിത കീട രോഗ നിയന്ത്രണം തുടങ്ങിയവയെ കുറിച്ചും കർഷകർക്ക് അറിവ് പകരാൻ പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ജനുവരി 23ന് കരിമ്പം ജില്ലാ കൃഷിത്തോട്ടത്തിലെ ഐ.ടി.കെ ഹാളിൽ രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെയാണ് സെമിനാർ. രജിസ്ട്രേഷന് കർഷകന്റെ പേര് വിലാസം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി 8921082050 എന്ന വാട്സാപ്പ് നമ്പറിൽ സന്ദേശം അയക്കുകയോ 04602227287 എന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക.

7. ജന്തുക്ഷേമ വാരാചരണത്തിന്റെ ഭാഗമായി കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ വച്ച് ജനുവരി മാസം 20-ാം തീയതി യു പി, ഹൈസ്കൂൾ/ ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ കുട്ടികൾക്കായി ഉപന്യാസം, പ്രസംഗം, പെയിന്റിംഗ് (വാട്ടർ കളർ) മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0471-2732918 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന കുട്ടികൾ 20-ാം തീയതി രാവിലെ 10.30 ന് മുൻപായി കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ എത്തേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീമിന്റെയും കരമന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ **സംയോജിത കൃഷി മാതൃകകളും മത്സ്യകൃഷിയും** എന്ന വിഷയത്തിൽ ഇന്നും നാളെയുമായി (ജനുവരി 18, 19) രണ്ടുദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രാവിലെ 9.30 മുതൽ 5 മണി വരെ കരമന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ വച്ചാണ് പരിശീലനം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേഷൻ ഫീസ് 1000 രൂപ. കൂടുതൽ വിവരങ്ങൾക്ക് 8281527584, 8891540778 എന്നീ ഫോൺ നമ്പറുകളിൽ ( 9 AM to 5 PM) വിളിക്കുക.

9. കൊട്ടിയം ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെൻററിൽ 2024 ജനുവരി 20ന് **തേനീച്ച വളർത്തലിൽ** സൗജന്യപരിശീലനം നൽകുന്നു. 0474-2537300, 9447525485 നമ്പരുകളിൽ രാവിലെ 10.30 മുതൽ വൈകിട്ട് 3.30 വരെ രജിസ്റ്റർ ചെയ്യാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം.

10. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ജനുവരി 19, 20 എന്നീ തീയതികളിൽ **തീറ്റപ്പുൽ കൃഷി സമഗ്ര പരിശീലനം** നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153/9633668644 എന്നീ ഫോൺ നമ്പരുകളിലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ , ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

11. മികച്ച മൃഗക്ഷേമ പ്രവർത്തകർക്കും സംഘടനകൾക്കും സർക്കാർ ഏർപ്പെടുത്തുന്ന പുരസ്കാരത്തിന് അപേക്ഷിക്കാം. 2023 - 24 കാലയളവിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തികൾ, സംഘടനകൾ എന്നിവർ പ്രവർത്തന റിപ്പോർട്ടും ഫോട്ടോകളും സഹിതം കൊല്ലം തേവള്ളി ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ജനുവരി 25 ന് മുമ്പ് അപേക്ഷ നൽകണം. 10,000 രൂപയാണ് പുരസ്കാരം. അപേക്ഷ ഫോറം ജില്ലയിലെ എല്ലാ സർക്കാർ മൃഗാശുപത്രികളിലും ലഭ്യമാണ്.

12. റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം എന്നിവയിൽ ഇന്ന് (ജനുവരി 18) കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) വെച്ച് പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം